നം. കെഎസ്എ കെടിഎം. പി14/1870/19 തീയതി. 15.01.2020

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **തലപ്പലം ഗ്രാമ** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2019 മുതൽ 08.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 04-12-2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.11.2019- 04.12.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി. പി. ആർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഡാനിമോൾ കെ. ജെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി കൃഷ്ണപ്രിയ എസ്, ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഇന്ദിര രാധാകൃഷ്ണൻ | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീമതി ഷേർളി ജോൺ<br>ശ്രീ ബി. പി. കുമാർ | 01.04.2018-04.08.2018<br>05.08.2018-31.03.2019 |

**നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ സ്മിത എൻ.എഫ് | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി മഞ്ജുദേവി യു.ആർ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, തലപ്പലം | ഡോ ദിവ്യ ജോർജ് | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ സിമി തോമസ് | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ പദ്മനാഭൻ. ഇ. ജി | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അന്ന കെ. ഒ | 01.04.2018-11.04.2018 |
| | ശ്രീമതി സുജാത പി. വി | 12.04.2018-04.07.2018 |
| | ശ്രീമതി ആരിഫ. കെ | 05.07.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ കെ. ഹരിലാൽ | 01.04.2018-17.06.2018 |
| | ശ്രീ ജയിംസ് ജോർജ് | 18.06.2018-26.06.2018 |
| | ശ്രീ നന്ദകുമാർ ആർ | 27.06.2018-08.11.2018 |
| | ശ്രീ രാജേഷ് ബി. നായർ | 09.11.2018-19.12.2018 |
| | ശ്രീ സൈജു ഒ. ബി | 20.12.2018-18.03.2019 |
| | ശ്രീ അജിത്. ബി | 19.03.2019-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ഷിഹാബുദ്ദീൻ. എസ് | 01.04.2018-17.07.2018 |
| | റൊണാൾഡ് വിൽസൺ | 28.11.2018- 31.03.19 |
| എച്ച്.എം, ഗവ. എൽ.പി.സ്കൂൾ, പ്ലാശനാൽ | ശ്രീമതി കെ. ജി. സുജാത | 01.04.2018-31.03.19 |
| വി.ഇ.ഒ | ശ്രീ. ജയപ്രകാശ് എൻ | 01.04.2018-08.10.2018 |
| | ശ്രീ അരുൺ പിള്ള | 09.10.2018-26.11.2018 |
| | ശ്രീ.അർജ്ജുൻ മോഹൻ എം | 27.11.2018-31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം 1**<br>**ഓഡിറ്റ് റിപ്പോർട്ട്** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-4 |
| 5 | ക്യാഷ് വെരിഫിക്കേഷൻ | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷികധനകാര്യപത്രികകളുടെ പരിശോധനയും അവലോകനവും | 1-7 |
| 8 | രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ | 1-8 |
| 9 | സഞ്ചയ സോഫ്റ്റ്‌വെയറിൽ കൂടിയുള്ള വസ്തുനികുതി നിർണ്ണയ അപാകതകളുടെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല | 1-9 |
| 10 | വസ്തുനികുതി കുടിശിക -6.49 ലക്ഷം രൂപ | 1-10-1 |
| 11 | ബിഎസ്എൻഎൽ മൊബൈൽ ടവറുകളുടെ നികുതി ഈടാക്കേണ്ടതാണ് | 1-10-2 |
| 12 | കെട്ടിടനിർമ്മാണ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു | 1-11 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 14 | റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 1-13 |
| 15 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ് | 1-14 |
| 16 | വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 17 | ലൈസൻസ്- ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 18 | ജീവനക്കാരുടെ ശമ്പളപരിഷ്കരണ/ഡിഎ കുടിശിക നൽകിയത് – ആനുപാതികമായി എൻ പി എസ് വിഹിതം ഒടുക്കിയില്ല | 1-17 |
| 19 | സ്ട്രീറ്റ്ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും – പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-18 |
| 20 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകി | 1-19 |

| | | |
|---|---|---|
| 21 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം – അർഹമായതിലും അധികം തുക നൽകി | 1-20 |
| 22 | വാഹനപരിപാലനം – സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-21 |
| 23 | നിർമ്മാണതോഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് അധികമായി ഈടാക്കിയത് സംബന്ധിച്ച് | 1-22 |
| 24 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല | 1-23 |
| 25 | അഞ്ഞൂറ്റിമംഗലം എൽ പി സ്കൂൾ മെയിന്റനൻസ് – അപാകതകൾ | 1-24 |
| 26 | ലൈഫ് ഭവനപദ്ധതി- അവലോകനം | 1-25 |
| 27 | അഗതിരഹിത കേരളം പദ്ധതി – അവലോകനം | 1-26 |
| 28 | വീട് വാസയോഗ്യമാക്കൽ – പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 29 | കന്നുകുട്ടി പരിപാലനം – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-28 |
| | **ഭാഗം 2**<br>**വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല** | |
| | **ഭാഗം 3**<br>**ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | അഞ്ഞൂറ്റിമംഗലം എൽ പി സ്കൂൾ മെയിന്റനൻസ് – കൺവീനർക്ക് അധികം തുക നൽകി | 3-1 |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| അനുബന്ധം2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| അനുബന്ധം3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| അനുബന്ധം4 | ബാലൻസ് ഷീറ്റ് 31.03.2019 തീയതിയിൽ | |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 ലെ 9/I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06.02.2019ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 5131977 | 3912664.72 |
| വരവ് | 96230059 | 43080306 |
| ആകെ | 101362036 | 46992970.72 |
| ചെലവ് | 98567061 | 38340295 |
| നീക്കിയിരിപ്പ് | 2794975 | 8652675.72 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9167000 | 9167000 | 8165733 | 1001267 | 89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1634000 | 1634000 | 981836 | 652164 | 60. |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 220000 | 220000 | 64800 | 155200 | 29.4 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3418000 | 3418000 | 2151723 | 1266277 | 63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 1856809 | 923191 | 66.8 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 6159 | 13159020 | 13165178 | 13163178 | 20000 | 99.98 |
| ജനറൽ പർപ്പസ് ഫണ്ട് | 534984 | 5524900 | 6059884 | 3438308 | 2621576 | 56.73 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 4255000 | 4255000 | 3705965 | 549035 | 87 |
| ബി ഫണ്ട് | 0 | 145000 | 145000 | 145000 | 0 | 100 |
| തനത് ഫണ്ട് | * | 4835906 | | 3615808 | * | |

* തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ട് ആയി പരിഗണിക്കാൻ പറ്റാത്ത തുകകളും ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായി മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

**സർക്കാർ ധനസഹായങ്ങൾ പാഴായത്**

വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ വിവിധ സർക്കാർ ധനസഹായങ്ങളിൽ ആകെ 4547134 രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1001267 |
| വികസനഫണ്ട് എസ്.സി.പി. | 652164 |
| വികസനഫണ്ട് ടി.എസ്.പി. | 155200 |
| സംരക്ഷണഗ്രാന്റ് റോഡ് | 1266277 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 923191 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 549035 |
| ആകെ | 4547134 |

ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾക്കാവശ്യമായ ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ബി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 47160 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 1977800 | 155 |
| വിധവാപെൻഷൻ | 4394600 | 362 |
| വാർദ്ധക്യകാലപെൻഷൻ | 10110400 | 878 |
| വികലാംഗപെൻഷൻ | 1809700 | 153 |
| അവിവാഹിത പെൻഷൻ | 233600 | 22 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

സി) തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12895925 | 12895925 | 12895925 | 0 |
| കാഷ് | 6158 | 263095 | 269253 | 267253 | 2000 |
| ആകെ | 6158 | 13159020 | 13165178 | 13163178 | 2000 |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 137 | 49256262 | 98 | 28101579 | 39 | 71.5 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.2.19 ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 22 സ്പിൽഓവർ പ്രോജക്ടുകളും 115 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 137 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വിവിധ സ്രോതസ്സുകളിൽ നിന്നായി ആകെ 49256292/-രൂപ വകയിരുത്തിയതിൽ 98പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി എല്ലാ സ്രോതസ്സുകളിൽ നിന്നുമായി 28101579/- രൂപ ചെലവഴിച്ചു.

പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 18.2.18 മുതൽ 24.2.18 വരെ |
| ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ഗ്രാമസഭ | 9.6.18 മുതൽ 22.6.18 വരെ |
| വികസനസെമിനാർ | 7.3.18 |
| വർക്കിംഗ് ഗ്രൂപ്പുകൾ | 8.2.18, 8.7.18 |
| ആസൂത്രണ സമിതി യോഗം | 7.2.18 |

**സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം**

പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവും തുടർനിരീക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല**

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ 8.2.18. 8.7.18 എന്നീ രണ്ട് പ്രാവശ്യം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.**

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 829940 | 8 | 820990 |
| വെറ്റിനറി സർജൻ | 4 | 1702000 | 4 | 1529500 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 630000 | 4 | 627920 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 450000 | 1 | 450000 |
| വി.ഇ.ഒ | 15 | 25748662 | 12 | 13196044 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2148000 | 4 | 2050023 |
| സെക്രട്ടറി | 14 | 2285195 | 13 | 2168332 |
| എച്ച്.എം | 2 | 298900 | 2 | 237600 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 84 | 15013565 | 49 | 6871170 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 150000 | 1 | 150000 |
| **ആകെ** | **137** | **49256262** | **98** | **28101579** |

## 1-4 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) സാംഖ്യാ രസീതുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

2) സഞ്ചയ ഡാറ്റാ ബേസ് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല.

3) ലൈസൻസ് ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2019 ൽ 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19652/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്െറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.19 | 10/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.2018 – 22.12.2018 | 2013-14 മുതൽ 2017-18 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/I/8 എ-158/2018-19/306 തീയതി 21.01.19 |

## 1-7 വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും അവലോകനവും

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ(എംഎസ്)152/11/എൽഎസ്ജിഡി.യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.2019ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി

പൊരുത്തപ്പെടുന്നില്ല.

4. വികസനഫണ്ട് (സാധാരണം) വിഹിതത്തിന്റെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവ്/ ചെലവ് (RP-7 ഷെഡ്യൂൾ പ്രകാരം) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെലവ് പത്രിക (സുലേഖ സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്തത്)യുമായി പൊരുത്തപ്പെടുന്നില്ല.
5. ബാലൻസ് ഷീറ്റ് ബി-9ഷെഡ്യൂളിൽ 350200290-Recoveries payable-other deductions എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
6. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ വരവിനങ്ങളുടെ (വസ്തുനികുതി, തൊഴിൽനികുതി-ട്രേഡേഴ്സ്, ഡി & ഒ ലൈസൻസ് ഫീസ്) അഡ്വാൻസ് തുകകളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാകുന്നില്ല.
7. ബി-18 ഷെഡ്യൂളിൽ Advance to implementing agencies-depost with KSEB എന്ന ശീർഷകത്തിലെ തുക അഡ്വാൻസ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
8. ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ നിക്ഷേപസർട്ടിഫിക്കറ്റ് ലഭ്യമല്ല. ബാങ്കിൽ നിന്നും ലഭിച്ച confirmation certificate മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.
9. തൻവർഷം കുടിശികയായ തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-8 രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രസീതുകളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രസീതുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർത്തിട്ടുള്ള സ്റ്റേഷനറി നമ്പറുള്ള സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുകയോ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്റ്റേഷനറി നം. |
|---|---|
| 1 | 1204402 |
| 2 | 1204403 |
| 3 | 1204696 |
| 4 | 1204800 |

2) ക്യൻസൽ ചെയ്യുകയോ കാരണം രേഖപ്പെടുത്തുകയോ ചെയ്യാത്ത 1202196 നമ്പർ സ്റ്റേഷനറിയുടെ രേഖപ്പെടുത്തലുകൾ ഇല്ലാത്ത കൗണ്ടർ ഫോയിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ.

3) ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യാ സ്റ്റേഷനറികളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്റ്റേഷനറി നം. |
|---|---|
| 1 | 1202946 |
| 2 | 1203870 |
| 3 | 1204048 |
| 4 | 1204080 |
| 5 | 1204841 |
| 6 | 1204842 |
| 7 | 1205100 |
| 8 | 1205273 |
| 9 | 1205355 |

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/29.11.19) മറുപടിയായി അപാകതകൾ പരിഹരിച്ച് നൽകിയിട്ടുണ്ട്. രസീതുകളുടെ സൂക്ഷിപ്പിലെ അപാകതകൾ അവയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നിരിക്കെ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീതുകളും അവയുടെ സ്റ്റേഷനറികളും കൈകാര്യം ചെയ്യുന്നതിൽ സൂക്ഷ്മതയും ജാഗ്രതയും പുലർത്തേണ്ടതാണ്.

## 1-9 സഞ്ചയ സോഫ്റ്റ്‌വെയറിൽ കൂടിയുള്ള വസ്തുനികുതി നിർണ്ണയ അപാകതകളുടെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.18ലെ സി3-6865/11 നമ്പർ സർക്കുലറിൽ വസ്തു നികുതി വിവരങ്ങൾക്കായുള്ള സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. തലപ്പലം ഗ്രാമപഞ്ചായത്തിൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങളിന്മേലുള്ള നിലവിലെ സ്ഥിതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/29.11.19) ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കിയിട്ടുള്ളതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ചില അപാകതകൾ കൂടി വ്യക്തമായിട്ടുണ്ട്.

1. കെട്ടിടങ്ങളുടെ ഉപയോഗക്രമം നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ കാണുന്നു. ഉദാ.VIII/156 നമ്പർ കെട്ടിടം പാർപ്പിടാവശ്യം എന്ന് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.
2. നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ നികുതി ഇളവ് നൽകിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഉദാ. I/106 നമ്പർ ആരാധനാലയം.
3. വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമാണെങ്കിലും പ്രസ്തുത ഗണത്തിൽ ഉൾപ്പെടുത്താതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാ. I/188 നമ്പർ സ്കൂൾ കെട്ടിടം. ഉപയോഗക്രമത്തിന്റെ ഇടിസ്ഥാനത്തിലുള്ള തരംതിരിവ് കൃത്യമാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം നിലവിലുള്ള അപാതകളെല്ലാം പരിഹരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-10-1 വസ്തുനികുതി കടിശിക- 6.49 ലക്ഷം രൂപ

വസ്തുനികുതിയിനത്തിൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക |
|---|---|---|
| 431100101 | റസിഡെൻഷ്യൽ ബിൽഡിംഗ്സ് (തൻവർഷം) | 118981.00 |
| 431100102 | റസിഡെൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) | 75326.55 |
| 431100103 | നോൺ- റസിഡെൻഷ്യൽ ബിൽഡിംഗ്സ് (തൻവർഷം) | 232297.00 |
| 431100104 | നോൺ- റസിഡെൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) | 223075.00 |
| | ആകെ | 649679.55 |

നികുതിയിനത്തിൽ താരതമ്യേന വരവ് കുറഞ്ഞ പഞ്ചായത്തുകളിലൊന്നായ തലപ്പലം പഞ്ചായത്തിൽ വസ്തുനികുതി കടിശിക 649679.55/- രൂപ പിരിച്ചെടുക്കാൻ ശേഷിക്കുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10-2 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ നികുതി ഈടാക്കേണ്ടതാണ്

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ 2018-19 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥൻ്െറ പേര് | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|
| 1 | IV/27 | ബി എസ് എൻ എൽ ടവർ | 22847 |
| 2 | VIII/19 | ബി എസ് എൻ എൽ | 12506 |

| | | ടവർ | |
|---|---|---|---|

മേൽ മൊബൈൽ ടവറുകളുടെ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/29.11.19) 2017-18 വർഷം വരെയുള്ള നികുതി കോടതി മുഖേന ഈടാക്കിയിട്ടുള്ളതും 2018-19 വർഷത്തെ നികുതി ഈടാക്കുന്നതിന് ആർ ആർ നോട്ടീസ് നൽകിയിട്ടുള്ളതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 മുതലുള്ള വർഷങ്ങളിലെ നികുതി കൂടി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ചേർക്കേണ്ടതാണ്.

## 1-11 കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റെടുക്കാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിൻെറ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിക്കാം. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 11.11.2015 ൽ സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് 229813/ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവൽകരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽകരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, തലപ്പലം ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെയുള്ള താഴെപ്പറയുന്ന നിർമ്മാണങ്ങളുടെ ക്രമവൽകരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയത്.

| ക്രമ നം. | അപേക്ഷകൻെറ പേര് | വീട്ടു നമ്പർ | വിസ്തീർണ്ണം ($m^2$) | ഉപയോഗ ക്രമം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | എ പി തങ്കമ്മ | VI/ 110 A | 108.83 | പാർപ്പിടാവശ്യം | 979 | 653 | 326 |
| 2 | സൂരജ് വി ടോം | II/192 B | 29.1 | മോട്ടോർ ഷെഡ് | 437 | 291 | 146 |
| 3 | തോമസ് സെബാസ്റ്റ്യൻ | VIII/ 158 A | 17.83 | സ്റ്റോറേജ് ഷെഡ് | 267 | 179 | 88 |
| 4 | സിതാരാ ബീഗം | V/84 F | 103.54 | പാർപ്പിടാവശ്യം | 932 | 621 | 311 |
| 5 | ജസ്റ്റിൻ | IX/107 A | 263.36 | പൗൾട്ടി ഫാം | 3950 | 2634 | 1316 |

ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/30.11.19) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137(2) പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലും അനുബന്ധ ഫോറങ്ങളിലും രജിസ്റ്ററുകളിലും സങ്കേതം സോഫ്റ്റ്‌വെയറിലും കെട്ടിടനിർമ്മാണ ക്രമവത്ക്കരണത്തിന് രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/15 തീയതി 11.11.2015 പ്രകാരം രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനുള്ള മാറ്റങ്ങൾ സങ്കേതം സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനായി ഐ കെ എം- ന് നിർദ്ദേശം നൽകുന്നതിനായി ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും ക്രമവൽക്കരണത്തിന് രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും കൂടി ഈടാക്കേണ്ടതുമാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1)എ(ii) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരാറുകാർ തൊഴിൽനികുതി അടച്ചതായി കാണുന്നില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/03.12.19) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും, തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/29.11.19) റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-14 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012 കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള 15 കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/29.11.19) താഴെപ്പറയുന്ന കെട്ടിടം ഒഴികെ മറ്റ് 14 കെട്ടിടങ്ങളും 2018-19 വർഷം പ്രവർത്തനം ഇല്ലാതിരുന്നതാണെന്നും മേൽ കെട്ടിടങ്ങളിൽ 2019-20 വർഷം പ്രവർത്തനം ആരംഭിച്ചവയ്ക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും നിശ്ചിത എണ്ണം ജീവികളിൽ കുറവുള്ള ഫാമുകൾക്ക് ലൈസൻസ് ആവശ്യമില്ലാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന കെട്ടിടത്തിന് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

| കെട്ടിടം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| I/237 A | ജോയി മാത്യു | 170.1 ച.മീ. | ലൈവ് സ്റ്റോക്ക് ഷെഡ് |

മേൽ ഫാമിന് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതും അല്ലാത്തതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഫീൽഡ്തല ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

### 1-15 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ തലപ്പലം ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷം തലപ്പലം ഗ്രാമപഞ്ചായത്തിൽ 192 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 241 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടായിരുന്നു. ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും

തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 678 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 172 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 4 |
| ഓഫീസ് ആവശ്യം | 32 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 128 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 24 |
| **ആകെ എണ്ണം** | **1038** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1038 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 192 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-16 ലൈസൻസ് - ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത്

പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ പേര് “ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ” എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക-2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

തലപ്പലം ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഭേദഗതി ചട്ടങ്ങളിലെ ചില നിയമങ്ങൾ പാലിച്ചാണ് ലൈസൻസ് അനുവദിച്ചതെങ്കിലും കൃത്യമായ അടിസ്ഥാനരേഖകൾ തയ്യാറാക്കാതെയാണ് ലൈസൻസ് അനുവദിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

2016 -ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി, വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് അപേക്ഷകൾ വിതരണം ചെയ്യേണ്ടതും ലൈസൻസ്

നൽകേണ്ടതുമാണ്.

2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും ആയതിനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.
3. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സത്വരശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-17 ജീവനക്കാരുടെ ശമ്പളപരിഷ്കരണ/ ഡി.എ കുടിശിക നൽകിയത്- ആനുപാതികമായി എൻ.പി.എസ്.വിഹിതം ഒടുക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിന്റെയും ഡി.എ വർദ്ധനവിന്റെയും കുടിശിക 2018-19 വർഷം നൽകിയിരുന്നു. എന്നാൽ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ അംഗങ്ങളായ താഴെപ്പറയുന്ന ജീവനക്കാരുടെ ശമ്പളക്കുടിശികയിൽനിന്ന് 10% നിരക്കിൽ എൻ.പി.എസ്.വിഹിതം ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വൗച്ചർ നമ്പർ/ തീയതി | ആകെ തുക |
|---|---|---|
| ശമ്പളപരിഷ്കരണ കുടിശിക - 3-ാം ഗഡു | 21800118/31.5.2018 | 1,11,196 |
| ഡി.എ കുടിശിക | 21800184/3.7.2018 | 31,555 |
| ശമ്പളപരിഷ്കരണ കുടിശിക - 4-ാം ഗഡു | 21800371/6.10.2018 | 86,752 |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക | ശമ്പളപരിഷ്കരണ കുടിശിക (3&4 ഗഡുക്കൾ) | ഡി.എ കുടിശിക | ആകെ |
|---|---|---|---|---|
| 1. | ശ്രീമതി.ലക്ഷ്മി.ആർ, ക്ലാർക്ക് | 1,601/-<br>1,662/- | 2,390/- | 5,653/- |
| 2. | ശ്രീ.മുഹമ്മദ് ഷിഹാബ്, ഡ്രൈവർ | 5,318/-<br>5,520/- | 2,160/- | 13,000/- |
| | **ആകെ** | **14,101/-** | **4,550/-** | **18,651/-** |

എൻ.പി.എസ്. കോൺട്രിബ്യൂഷൻ ഇനത്തിൽ പ്രസ്തുത ജീവനക്കാരുടെ വിഹിതവും ഗ്രാമപഞ്ചായത്തിന്റെ വിഹിതവും ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് 16/30.11.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത ജീവനക്കാരുടെ എൻ.പി.എസ്.കുടിശിക ഒടുക്കിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ജീവനക്കാരിൽനിന്ന് ഈടാക്കുന്നതിനും തത്തുല്യമായ ഗ്രാമപഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട്നമ്പർ | 21/19 |
| അടങ്കൽ | 396500 |
| ചെലവ് | 367520 |
| ബിൽ നമ്പർ/ തീയതി | 35/28.2.2019 – 79570/-<br>38/12.3.2019 – 75190/-<br>44/21.3.2019 – 83950/-<br>48/26.3.2019 – 116800/-<br>31/5.2.2019 –4069/-<br>32/13.2.2019 –7941/- |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ടുചെയ്ത സൺറെയ്സ് ഇലക്ട്രിക്കൽസ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്ന് 10 വാട്ടിന്റെ 487 എൽ.ഇ.ഡി.ലൈറ്റുകൾ (730/-രൂപ നിരക്കിൽ) വാങ്ങി സ്ഥാപിച്ചിരുന്നു. എന്നാൽ പ്രസ്തുത ലൈറ്റുകളിൽ ഭൂരിപക്ഷവും പ്രവർത്തനരഹിതമാണെന്ന് വാർഡ് മെമ്പർമാർ അറിയിച്ചതായി കാണുന്നു. മാത്രമല്ല, ടിയാൻ സമർപ്പിച്ച ടാക്സ് ഇൻവോയ്സുകളിൽ ലൈറ്റുകളുടെ ബ്രാൻഡ് നെയിം രേഖപ്പെടുത്തിയിരുന്നില്ല. ലൈറ്റുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച മാർഗങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല.

ലൈറ്റുകൾ സ്ഥാപിക്കുന്നതിന്റെ സൂപ്പർവിഷൻ ചാർജിനത്തിൽ കെ.എസ്.ഇ.ബിയിൽ ആകെ 12010/-രൂപ (4069+7941) ഒടുക്കിയിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. സമർപ്പിച്ച എസ്റ്റിമേറ്റിൽ വയറിംഗ്, ലൈറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള സൂപ്പർവിഷൻ ചാർജാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ നിർദ്ദിഷ്ട പ്രവൃത്തിയിൽ വയറിംഗ് ഉൾപ്പെടുത്തിയിരുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതിന് 3/28.11.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയതിനുശേഷമാണ് ഉപകരണങ്ങൾ സ്ഥാപിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. കാലവർഷത്തെ കനത്ത മഴയിലും ഇടിമിന്നലിലും സ്ട്രീറ്റ് ലൈറ്റുകൾക്ക് സ്വാഭാവികമായി ഉണ്ടാകുന്ന കേടുപാടുകളാണ് സംഭവിച്ചതെന്നും കെ.എസ്.ഇ.ബി സ്ഥാപിച്ച മീറ്ററുകളുടെ തകരാർ മൂലമാണ് കുറെ ലൈറ്റുകൾ തെളിയാത്തതെന്നതിനാൽ മീറ്ററുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി. നിരക്കുകൾ പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലേബർ ചാർജിനത്തിൽ ചെലവാകുന്ന തുകയുടെ നിശ്ചിതശതമാനമാണ് സൂപ്പർവിഷൻ ചാർജിനത്തിൽ ഈടാക്കിയത് എന്നറിയിച്ചിട്ടുണ്ട്.

ആയതിനാൽ കേടായ ലൈറ്റുകൾ വാറന്റി കാലയളവിൽ കരാറുകാരന്റെ ചെലവിൽ നന്നാക്കുന്നതിനും മീറ്ററുകൾ സ്ഥാപിച്ചതിലെ അപാകതകൾ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, ടെൻഡറിൽ ക്വോട്ടുചെയ്തതും ഗുണനിലവാരമുള്ളതുമായ ലൈറ്റുകളാണ് കരാറുകാരൻ സ്ഥാപിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിഹാരനടപടികൾക്കും വിശദീകരണത്തിനുമായി അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 പട്ടിക ജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകി

2018-19 സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) 22/18/14.02.18 ) ഖണ്ഡിക 7.2.8 ലാപ്ടോപ്പ് അനുവദിക്കാവുന്ന പഠന കോഴ്സുകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ബിരുദ, ബിരുദാനന്തര ബിരുദ, പോളിടെക്നിക്ക് ഡിപ്ലോമ, എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് അനുവദിക്കാവുന്നത്. എന്നാൽ ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ പി സ്കൂൾ പ്ലാശനാൽ നടപ്പാക്കിയ പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ പ്രോജക്ടിൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം, പേര് | 27/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ |
| ചെലവ് | 172800 ( വികസനഫണ്ട് (എസ് സിപി))<br>(21600 X 8 = 172800) |
| ബിൽ നം | 01/11.01.19 |
| നിർവഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ പി സ്കൂൾ പ്ലാശനാൽ |

മേൽ പ്രോജക്ട് പ്രകാരം എട്ട് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. ലാപ്ടോപ്പ് കൈപ്പറ്റിയ ശ്രീജിത്ത് ശശികുമാർ, താന്നിക്കൽ, അമൽ കെ എം കാഞ്ഞിരപ്പാറയിൽ എന്നിവർ 2018-19 ൽ യഥാക്രമം +2,+1 വിദ്യാർത്ഥികളായിരുന്നു.

2.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 28/19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ |
| ചെലവ് | 64800 (വികസനഫണ്ട് (റ്റിഎസ് പി) (21600 X 3 = 64800) |
| ബിൽ നം | 02/11.01.19 |
| നിർവഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ പി സ്കൂൾ പ്ലാശനാൽ |

മേൽ പ്രോജക്ട് പ്രകാരം മൂന്ന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. ലാപ്ടോപ്പ് കൈപ്പറ്റിയ ബിനീഷ് ബിനോയി, തേനമാക്കൽ എന്ന വിദ്യാർത്ഥി 2018-19 ൽ +2 വിദ്യാർത്ഥിയായിരുന്നു. 2018-19 അധ്യയനവർഷം പഠനം പൂർത്തിയാക്കിയെങ്കിലും 04/06/19 ന് മാത്രമാണ് ലാപ്ടോപ്പ് കൈപ്പറ്റിയത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം - 01/27-11-19 ന് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. വാങ്ങി നൽകിയ ലാപ്ടോപ്പുകൾ പഠനാവശ്യത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ മൂന്ന് ലാപ്ടോപ്പുകളുടെ വിലയായ 64800 (21600 X 3 = 64800) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-20 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അർഹമായതിലും അധികം തുക നൽകി

2018-19 ൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിലുൾപ്പെട്ട ഇരുപത്തിനാല് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ)22/18/14.02.18 ) പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ സ്കോളർഷിപ്പിനും വാർഷിക ബത്തയ്ക്കും മാത്രമാണ് അർഹതയുള്ളത്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ടതിലും അധികം നിരക്കിൽ തൻവർഷം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥി | പഠിക്കുന്ന ക്ലാസ് | ശാരീരിക വൈകല്യം | അർഹതപ്പെട്ട തുക (യാത്രാ ബത്ത ഉൾപ്പെടെ) | നൽകിയത് |
|---|---|---|---|---|
| എസ്.സേതുലക്ഷ്മി, കൊട്ടുകാപ്പള്ളിൽ | 6 | കാഴ്ച വൈകല്യം | 6600 | 7500 |
| സിൽഫാ ഷാജി, കുന്താനത്ത് | 4 | കേഴ്വി വൈകല്യം | 5300 | 6900 |
| മജേഷ് മനു, കുഴിക്കണ്ടത്തിൽ | വൊക്കേഷണൽ പരിശീലനം | ചലന വൈകല്യം | 17500 | 22500 |
| ബിനിൽ മാത്യു, തെക്കേടത്ത് | 9 | കേഴ്വി വൈകല്യം | 8000 | 12100 |
| ജസ്റ്റിൻ ജോർജ്ജ്, കുന്നത്തുപൊതിയിൽ | +1 | കാഴ്ച വൈകല്യം | 8000 | 10800 |

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് സ്കോളർഷിപ്പ് നൽകേണ്ടത് അനിവാര്യമാണെങ്കിലും ആയത് സബ്സിഡി പരിധിയ്ക്ക് വിധേയമായി മാത്രമേ നൽകാനാവൂ. അധികം നിരക്കിൽ ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/30.11.19) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

### 1-21 വാഹനപരിപാലനം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ (ബൊലേറോ ജീപ്പ്- നമ്പർ കെ.എൽ 35സി- 9316) 2018-2019 വർഷത്തെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനപരിപാലനത്തിൽ

സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടു. 14.4.2018ൽ വാഹനത്തിന്റെ ഉപയോഗത്തിനുശേഷം മീറ്റർ റീഡിംഗ് 154133 കി.മീ.എന്നാണ് രേഖപ്പെടുത്തിയിരുന്നത്. 15.4.2018 മുതൽ പുതിയ ലോഗ് ബുക്കിലാണ് വിവരങ്ങൾ ചേർത്തിട്ടുള്ളത്. എന്നാൽ 15.4.2018 ൽ ആരംഭത്തിലെ മീറ്റർ റീഡിംഗ് 154133 എന്നതിനു പകരം 154456 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 323 കി.മീറ്ററിന്റെ (154456-154133) യാത്രചെയ്തതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

ജി.ഒ (എം.എസ്) 170/2007/ ത.സ്വ.ഭ.വ തീയതി.30.6.2007 പ്രകാരം ആറുമാസത്തിൽ ഒരിക്കൽ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടതും ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. തൻവർഷം മൈലേജ് ടെസ്റ്റിനായി 21800243/3.8.2018 നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച് സർക്കാരിൽ ഒടുക്കിയിരുന്നെങ്കിലും സാക്ഷ്യപത്രം ലോഗ്ബുക്കിൽ ഉള്ളടക്കം ചെയ്തിരുന്നില്ല. കൂടാതെ, കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ടി വ്യവസ്ഥ പാലിക്കുന്നില്ല. വാഹനം ഉപയോഗിക്കുന്ന ജീവനക്കാർ/ അധികാരികൾ ലോഗ് ബുക്കിൽ ഒപ്പുവെയ്ക്കേണ്ടതാണെങ്കിലും ആയത് കൃത്യമായി രേഖപ്പെടുത്താറില്ല. മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതിന് 14/30.11.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സെക്രട്ടറി ഹാജരാക്കിയ 4382/19 തീയതി 3.12.2019 നമ്പർ മറുപടിയിൽ ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതാണെന്നും വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കുന്നതാണെന്നും വാഹനം ഉപയോഗിക്കുന്ന അധികാരികൾ/ ജീവനക്കാർ ലോഗ്ബുക്കിൽ ഒപ്പുരേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, പുതിയ ലോഗ്ബുക്ക് ലഭിക്കാൻ കാലതാമസം വന്നതിനാലാണ് ലോഗ്ബുക്കിൽ മീറ്റർ റീഡിംഗ് രേഖപ്പെടുത്തുന്നതിൽ അപാകത സംഭവിച്ചതെന്ന് വാക്കാൽ അറിയിക്കുകയും അപാകത പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലോഗ് ബുക്കിൽ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-22 നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻചാർജ് അധികമായി ഈടാക്കിയത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 1% നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കി നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഈടാക്കുന്ന നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ 1% സ്ഥാപനത്തിന് കളക്ഷൻ ചാർജായി എടുക്കാവുന്നതാണ്. എന്നാൽ തലപ്പലം ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ 10% കളക്ഷൻ ചാർജായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ഉദാഹരണസഹിതം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. / പേര് | വേലമൂല്യം | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം | കളക്ഷൻ ചാർജ് ഈടാക്കിയത് | കളക്ഷൻ ചാർജ് അർഹമായത് | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 74/19 ഇളപ്പുങ്കൽ പുതുക്കുളങ്ങര റോഡ് കോൺക്രീറ്റിംഗും മെയിന്റനൻസും | 212394 | 2124 | 212 | 21 | 191 |
| 99/19 കീഴമ്പാറ ചൂണ്ടച്ചേരി റോഡ് പുനരുദ്ധാരണം | 181278 | 1813 | 181 | 18 | 163 |
| 89/19 തേവർപാടം ലക്ഷംവീട് കോളനി നടപ്പാത കോൺക്രീറ്റിംഗ് | 117031 | 1170 | 117 | 12 | 105 |
| 59/19 ചിറയാത്ത്പടി പുതുക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 164529 | 1645 | 165 | 17 | 148 |
| 76/19 തെക്കേടം ഞള്ളംപുഴ നടപ്പാത കോൺക്രീറ്റിംഗ് | 254593 | 2546 | 255 | 26 | 229 |
| 115/19 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പൊതുശൗചാലയം നിർമ്മാണം | 295230 | 2952 | 295 | 30 | 292 |
| 132/19 | 196502 | 1965 | 196 | 20 | 176 |

| | | | | | |
|---|---|---|---|---|---|
| മേലമ്പാറ കാഞ്ഞിരപ്പാറ റോഡിൽ ഡ്രെയിനേജ് നിർമ്മാണം | | | | | |
| 138/19 അഞ്ചൂറ്റിമംഗലം എൽ.പി.എസ് പുനരുദ്ധാരണം | 463119 | 4631 | 463 | 46 | 417 |
| 84/19 കീഴമ്പാറ ലക്ഷംവീട് കോളനി കുന്നുപുറത്ത് നടപ്പാത കോൺക്രീറ്റിംഗ് | 274689 | 2747 | 275 | 28 | 247 |

നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻചാർജ് അധികമായി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/3.12.2019) മറുപടി ലഭ്യമാക്കിയതിൽ അധികമായി ഈടാക്കിയ കളക്ഷൻചാർജ് നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ ഒടുക്കുന്നതാണ് എന്ന് അറിയിച്ചു. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല

തലപ്പലം ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി.നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 117/19 (30/18) പേരൂപ്പാറ | ശ്രീ മനോജ്.റ്റി.ജി, | 9.11.17 | 30.11.17 | 272435 | 2724 |

| | | | | | |
|---|---|---|---|---|---|
| കോളനി നടപ്പാത കോൺക്രീറ്റിംഗ്, മെയിന്റനൻസ് | തുണ്ടിയിൽ, തിടനാട് | | | | |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/30.11.2019 ന് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും 2724 രൂപ പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 അഞ്ഞൂറ്റിമംഗലം എൽ.പി.സ്കൂൾ മെയിന്റനൻസ്- അപാകതകൾ

പ്രോജക്റ്റ് നം. 138/19

അടങ്കൽ- 475000 (മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ്- 463119 രൂപ ( ബിൽ നം. 49/18-19/ 23.3.2019 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

തലപ്പലം ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയതാണ് മേൽ പ്രവൃത്തി. 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1.7.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 2% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17/ CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ആദായനികുതി 2% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവയ്ക്കു പുറമെ ഓവർഹെഡ് ചാർജ് ഇനത്തിൽ 2.5% മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ആകെ വേലമൂല്യം | 474994 |
| (-) ഓവർഹെഡ് ചാർജ് 2.5% | 11875 |
| ആദായനികുതി 2% | 9262 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം | 4168 |
| കളക്ഷൻ ചാർജ് | 463 |
| കൺവീനർക്ക് നൽകിയ തുക | 449226 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ്

ഇനത്തിൽ അധികം കണക്കാക്കിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% തുക കുറവ് ചെയ്തതിനാൽ കൺവീനർക്ക് 10218 രൂപ അധികം നൽകാനിടയായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ആകെ വേലമൂല്യം | 474994 |
| (-) ഓവർഹെഡ് ചാർജ് 5% | 22093 |
| ആദായനികുതി 2% | 9262 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം | 4168 |
| കളക്ഷൻ ചാർജ് | 463 |
| കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക | 439008 |
| കൺവീനർക്ക് അധികം നൽകിയ തുക (449226-439008) | 10218 |

ഗുണഭോക്തൃസമിതിയുടെ വരവുചെലവ് കണക്കുകൾ ഉൾപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചോയ്സ് ഹാർഡ് വെയേഴ്സ് & സിമന്റ് ഹൗസ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നും സിമന്റ്, കമ്പി, പ്ലെയിൻ ഷീറ്റ്, ഫ്ലോർ ടൈൽ, പെയിന്റ് എന്നീ സാധനങ്ങൾ വാങ്ങിയതിന് 234574 രൂപയുടെ ഇൻവോയ്സ് നം 128/7.1.2019 ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഇൻവോയ്സിൽ വാറ്റ് ആണ് കണക്കാക്കിയിട്ടുള്ളത്. 7.1.2019 ൽ സാധനങ്ങൾ വാങ്ങിയതിന് വാറ്റ് ബിൽ നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ ഗുണഭോക്തൃസമിതിയുടെ കണക്കുകളുടെയും അനുബന്ധമായി ചേർത്തിട്ടുള്ള ഉപവൗച്ചറുകളുടെയും ആധികാരികത വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12/30.11.209-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറപടി ലഭ്യമാക്കിയതിൽ കൺവീനർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്നും മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചു. കൺവീനർക്ക് അധികം നൽകിയ 10218 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ഗുണഭോക്തൃസമിതിയുടെ ആധികാരികമായ വരവ്/ചെലവ് കണക്കുകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 ലൈഫ് ഭവനപദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടുള്ളത്. 2018-19 ൽ 49 പേർ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ആയതിൽ 31 പേർ പൊതു വിഭാഗത്തിലും, 2 പേർ പട്ടികജാതി വിഭാഗത്തിലും 16 പേർ പിന്നാക്ക വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. ലൈഫ് മിഷൻ ഭവനനിർമ്മാണത്തിനായി തൻവർഷം ഹഡ്കോയിൽ നിന്നും വായ്പയിനത്തിൽ 70,60,000 രൂപ ലഭിച്ചിട്ടുണ്ട്.

ലൈഫ് ഭവനനിർമ്മാണം പൊതു വിഭാഗം, പട്ടികജാതി വിഭാഗങ്ങളിൽ വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പൊതു വിഭാഗം**

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 1753400 | 1753400 |
| ബ്ലോക്ക് വിഹിതം | 812943 | 812943 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1141952 | 1141952 |
| വായ്പ | 17891705 | 7060000 |
| ആകെ | 21600000 | 10768295 |

**<u>പട്ടികജാതി വിഭാഗം</u>**

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് - എസ് സിപി | 400000 | 400000 |
| ബ്ലോക്ക് വിഹിതം | 100213 | 100213 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 100158 | 100158 |
| വായ്പ | 199629 | 0 |
| ആകെ | 800000 | 600371 |

പൊതുവിഭാഗത്തിൽ 14 ഗുണഭോക്താക്കളും, പിന്നാക്ക വിഭാഗത്തിൽ 5 ഗുണഭോക്താക്കളും, പട്ടികജാതി വിഭാഗത്തിലെ 2 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 21 പേർ തൻവർഷം ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പൂർത്തീകരിച്ച ഘട്ടം | ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം | കൈപ്പറ്റിയ തുക |
|---|---|---|
| മേൽക്കൂര നിർമ്മാണം വരെ പൂർത്തീകരിച്ചവർ | 18 | 3,60,000 |
| ലിന്റൽ വരെ പൂർത്തീകരിച്ചവർ | 5 | 2,60,000 |
| ബേസ്‌മെന്റ്പൂർത്തീകരിച്ചവർ | 2 | 1,60,000 |
| അഡ്വാൻസ് കൈപ്പറ്റിയവർ | 3 | 40,000 |

ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 അഗതിരഹിത കേരളം പദ്ധതി- അവലോകനം

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു (തീരുമാനം നമ്പർ- 9(1)/ 19.12.2018). ടി

ലിസ്റ്റിൽ 102 കുടുംബങ്ങൾ ഉൾപ്പെടുന്നു. പദ്ധതിയ്ക്കുവേണ്ടി ഭരണസമിതി അംഗീകരിച്ച അടങ്കൽ താഴെപ്പറയും പ്രകാരമാണ്.

| ധനസ്രോതസ് | തുക (രൂപ) |
|---|---|
| ചലഞ്ച് ഫണ്ട് | 36,49,010 |
| പദ്ധതിവിഹിതം | 1,34,00,800 |
| മറ്റിനം | 36,200 |
| ആകെ | 1,70,86,010 |

ആശ്രയ പദ്ധതിയ്ക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പ്ലാശനാൽ ശാഖയിൽ ആരംഭിച്ച രണ്ടു ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ അഗതിരഹിത കേരളം പദ്ധതിയ്ക്കായി കേരള ഗ്രാമീൺ ബാങ്കിൽ 25.2.2019ൽ ആരംഭിച്ച പുതിയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽനിന്ന് ഭക്ഷണ സാധനങ്ങളുടെ വിതരണത്തിനു മാത്രമാണ് നിലവിൽ തുക പിൻവലിക്കുന്നത്. ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വി.ഇ.ഒ മുഖാന്തിരം നേരിട്ടു തുക ചെലവഴിക്കുന്നു.

ആശ്രയ/ അഗതിരഹിത കേരളം പദ്ധതിയ്ക്കായി ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | മുന്നിരിപ്പ് (1.4.2018) | നീക്കിയിരിപ്പ് (31.3.2019) | കുറിപ്പുകൾ |
|---|---|---|---|
| 57018873281 | 914410.50 | 920610 | അക്കൗണ്ട് അവസാനിപ്പിച്ചിട്ടില്ല. |
| 67281632623 | 415180 | 341796.50 | |
| 40744101008522 | 341766.50 (6.6.2019) | 1085438 (1.11.2019) | |

ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളതുപ്രകാരം മരുന്ന്, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ് തുടങ്ങിയ ആവശ്യങ്ങൾക്കായും തുക ചെലവഴിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കപ്പെടാത്ത അവസ്ഥ ഒഴിവാക്കേണ്ടതുമാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഓ നിർവഹണോദ്യോഗസ്ഥനായി പൊതു വിഭാഗം 13 പേർക്കും, പട്ടികജാതി വിഭാഗം 8 പേർക്കും വീട് വാസയോഗ്യമാക്കാൻ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 ൽ അഡ്വാൻസ്

കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | കൈപ്പറ്റിയ തുക |
|---|---|---|---|
| 48/19 | കുമാരി സത്യൻ, കൊച്ചുപുരയ്ക്കൽ പ്ലാശനാൽ | പൊതുവിഭാഗം | 25000 |
| 40/19 | ഉഷാ മണി, താന്നിക്കാട്ട് പ്ലാശനാൽ | പട്ടികജാതി വിഭാഗം | 37500 |

പ്രവൃത്തി പൂർത്തീകരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 കന്നുകുട്ടി പരിപാലനം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം 15/19

അടങ്കൽ- 800000 രൂപ (വികസന ഫണ്ട്- 275000 + സംസ്ഥാനാവിഷ്കൃതം- 125000 + ഗുണഭോക്തൃവിഹിതം- 400000 )

ചെലവ്- 275000 രൂപ (ബിൽ നം. 1/18-19/ 29.09.2019 )

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 32 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതം 275000 രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (TSB a/c No 708011400000050 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 32 കിടാരികളെ എൻറോൾ ചെയ്ത് തലപ്പലം ക്ഷീരസഹകരണസംഘം വഴി കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ചാർജ് നടപടികൾ സ്വീകരിക്കാവുന്ന ഖണ്ഡികകൾ

ഓഡിറ്റ് റിപ്പോർട്ട് ഭാഗം ഒന്നിൽ ഉൾപ്പെട്ട വരവിനങ്ങളിലുള്ള ഓഡിറ്റ് പരാമർശങ്ങളിൽ ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന ഖണ്ഡികകൾ ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 അഞ്ഞൂറ്റിമംഗലം എൽ.പി.സ്കൂൾ മെയിന്റനൻസ്- കൺവീനർക്ക് അധികം തുക നൽകി

പ്രോജക്ട് നം. 138/19

അടങ്കൽ- 475000 (മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ്- 463119 രൂപ (ബിൽ നം. 49/18-19/ 23.3.2019 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

തലപ്പലം ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയതാണ് മേൽ പ്രവൃത്തി. 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1.7.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 2% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17 /CE/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ആദായനികുതി 2% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവയ്ക്കു പുറമെ ഓവർഹെഡ് ചാർജ് ഇനത്തിൽ 2.5% മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ആകെ വേലമൂല്യം | 474994 |
| (-) ഓവർഹെഡ് ചാർജ് 2.5% | 11875 |
| ആദായനികുതി 2% | 9262 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം | 4168 |
| കളക്ഷൻ ചാർജ് | 463 |
| കൺവീനർക്ക് നൽകിയ തുക | 449226 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം കണക്കാക്കിയ 5% തുക കുറവ് ചെയ്യുന്നതിന് പകരം 2.5% തുക കുറവ് ചെയ്തതിനാൽ കൺവീനർക്ക് 10218 രൂപ അധികം നൽകാനിടയായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ആകെ വേലമൂല്യം | 474994 |
| (-) ഓവർഹെഡ് ചാർജ് 5% | 22093 |
| ആദായനികുതി 2% | 9262 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം | 4168 |
| കളക്ഷൻ ചാർജ് | 463 |

| | |
|---|---|
| കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക | 439008 |
| കൺവീനർക്ക് അധികം നൽകിയ തുക (449226-439008) | 10218 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറപടി ലഭ്യമാക്കിയതിൽ കൺവീനർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കൺവീനർക്ക് അധികം നൽകിയ 10218 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 10218 രൂപയുടെ അധികചെലവിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ അജിത്ത് ബി. ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.05.19, 21.05.19 | കെ.എസ്.എ.കെ.ടി.എം.പി14/615/2019 തീയതി 23.05.19 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിൻെറ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 29.06.18 | 50000 | 10/19, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 29.06.18 | 100000 | 16/19, പാലിയേറ്റീവ് പരിചരണം | 99998 | 2 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 27.09.18 | 100000 | 37/19, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 21.08.18 | 100213 | 129/19, ലൈഫ് ഭവന പദ്ധതി - എസ് സി പി | 100213 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 21.08.18 | 812943 | 133/19, ലൈഫ് ഭവന പദ്ധതി - ജനറൽ | 812943 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 27.09.18 | 100000 | 37/19, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 29200 | 70800 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 26.09.18 | 100158 | 129/19, ലൈഫ് ഭവന പദ്ധതി - എസ് സി പി | 100158 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 26.09.18 | 1141952 | 133/19, ലൈഫ് ഭവന പദ്ധതി - ജനറൽ | 1141952 | 0 |
| | ആകെ | 2505266 | | 2434464 | 700802 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 20/19 സ്ട്രീറ്റ് മെയിൻ വലിക്കൽ (ഈരാറ്റുപേട്ട ഡിവിഷൻ, ഭരണങ്ങാനം ഡിവിഷൻ) | 21/ 23.11.18 | 124490 | 0 | 124490 |
| | | 23/20.12.18 | 223278 | 223278 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7060000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 7060000 | - | - | - | 7060000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 56599 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1791 |
| ആകെ | 58390 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 58390 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ | 58390 |
| ആകെ | 58390 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43080306 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38340295 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10218 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 64800 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10218 | ശ്രീ അജിത്ത് ബി. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 64800 | ശ്രീമതി കെ.ജി. സുജാത, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12, 1-13, 1-14, 1-15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അജിത്ത് ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തലപ്പലം ഗ്രാമപഞ്ചായത്ത് | തുരുത്തിക്കര, മുളന്തുഴ പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും നടത്തിയ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1998-99 ചെലവ് | എൽ.എഫ്.കെ.പി.2-196/98 തീ. 17.06.2000/04.07.2000 | - |
| 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.2-257/അദാ./14(2) തീ.08.01.15 | 2 |

| | | |
|---|---|---|
| 2002-03 ചെലവ് | എൽ.എഫ്.കെ.പി.7/925/04/04.03.05 | - |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087/07/25.09.08 | - |
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ)/2014(2) തീ.01.08.15 | 4 |
| 2005-06 | എൽ.എഫ്.കെ.പി.2-1252(എ)14(3), 07.08.15 | 2 |
| 2006-07 | എൽ.എഫ്.കെ.പി.2-1252(എ)2014(4), 06.08.15 | 1 |
| 2007-08 | എൽ.എഫ്.കെ.പി.2-338/15, 06.07.15 | 5 |
| 2008-09 | എൽ.എഫ്.കെ.പി.2-374/15, 28.05.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി.2-375/15, 06.07.15 | 2 |
| 2010-11, 2011-12 | എൽ.എഫ്.കെ.പി.2-339/15, 06.07.15 | 7 |
| 2012-13, 2013-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 | 21 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി.2-1824/2016, 10.01.2018 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി.2-318/17, 25.3.2017 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.14-1924/2017, തീയതി 23.2.2018 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി.14-223/19, തീയതി 21.06.2019 | 17 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം**

## അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.14-1870/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 15.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**